JUSTICE IS NOT A FAVOUR
JUSTICE IS A RIGHT

# നീതിവേദി



നീതി ഔദാര്യമല്ല...
അവകാശമാണ്...

# പീസ് കമ്മറ്റികൾ

## തൊണ്ടർനാട്



2023 ജൂൺ 6 ന് തൊണ്ടർനാട് പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഷൈനി സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി കണവീനർ ശ്രീമതി മൈമൂന അദ്ധ്യക്ഷത വഹിച്ചു. കടയിങ്ങൽ കോളനിയിലെ ഊരുമൂപ്പൻ കോളനിയിലെ പ്രശ്നങ്ങൾ വിശദീകരിച്ചു. സെക്രട്ടറി ശ്രീമതി ഇന്ദുലേഖ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. ശ്രീമതി വൽസ നന്ദി പറഞ്ഞു. 16 അംഗങ്ങൾ പങ്കെടുത്തു.

## മൂപ്പൈനാട്

2023 ജൂൺ 6 ന് മൂപ്പൈനാട് പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി യശോദ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി കണവീനർ ശ്രീ ആർ ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ ജ്യോതിഷ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി.. 15 അംഗങ്ങൾ പങ്കെടുത്തു.



## വെള്ളമുണ്ട



2023 ജൂൺ 13 ന് വെള്ളമുണ്ട പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഇന്ദു സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി കണവീനർ ശ്രീ അമ്മത് കൊടുവേരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീമതി ഇന്ദുലേഖ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. ജോയിന്റ് കൺവീനർ ശ്രീ നിസാർ നന്ദി പറഞ്ഞു. 12 അംഗങ്ങൾ പങ്കെടുത്തു.

## പനമരം



2023 ജൂൺ 22-ാം തിയതി പനമരം പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. കോർ ടീം വോളിയർ ശ്രീ സുനിൽ മെമ്പർ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാൻ ശ്രീ അജയ് കുമാർ അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആസ്യ ടീച്ചർ ഉത്ഘാടനം ചെയ്തു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

പീസ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. നീതിവേദി അടിയന്തിരമായി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ യോഗത്തിൽ മെമ്പർമാരും പ്രൊമോട്ടർമാരും അറിയിച്ചു. കൺവീനർ ശ്രീമതി ലിസി പത്രോസ് നന്ദി പറഞ്ഞു. 34 പേര് പങ്കെടുത്തു.

## വേങ്ങപ്പള്ളി




2023 ജൂൺ 23 ന് വേങ്ങപ്പള്ളി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. വൈസ് പ്രസിഡന്റ് ശ്രീ നാസർ സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രേണുക അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ ജ്യോതിഷ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തുടർപ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച ചർച്ചകൾ നടത്തി. പഞ്ചായത്തിൽ ഒരു യൂത്ത് ക്ലബ് രൂപീകരിക്കാൻ തീരുമാനിച്ചു. നീതിവേദി അടിയന്തരമായി ഇടപെടൽ നടത്തേണ്ട കാര്യങ്ങൾ പ്രൊമോട്ടർമാരും മെമ്പർമാരും അറിയിച്ചു. കാവ്യ നന്ദി പറഞ്ഞു. 15 അംഗങ്ങൾ പങ്കെടുത്തു.

## മേപ്പാടി



2023 ജൂൺ 24 ന് മേപ്പാടി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീ ജ്യോതിഷ് കുമാർ സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി റംല ഹംസ അദ്ധ്യക്ഷത വഹിച്ചു. പ്രവർത്തന റിപ്പോർട്ട് ശ്രീമതി വൽസ ദേവസ്യ അവതരിപ്പിച്ചു. നീതിവേദി യുടെ ആഭിമുഖ്യത്തിൽ ജൂലൈ ആദ്യ ആഴ്ച അംഗൻവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ക്ലാസ്സ് നൽകണമെന്ന് വൈസ് പ്രസിഡന്റ് ആവശ്യപ്പെട്ടു. 13 പേർ പങ്കെടുത്തു.

## തിരുനെല്ലി



2023 ജൂൺ 24 ന് തിരുനെല്ലി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് ശ്രീ അസീസിന്റെ വീട്ടിൽ വെച്ച് നടന്നു. ശ്രീ അസീസ് സ്വാഗതം ആശംസിച്ചു. ശ്രീ പാപ്പച്ചൻ അദ്ധ്യക്ഷത വഹിച്ചു. കാട്ടിക്കുളം ഭാഗത്ത് ഒരു ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ച് നീതിവേദി പ്രവർത്തനങ്ങൾ സജീവമാക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ശ്രീമതി സത്യവതി നന്ദി പറഞ്ഞു. 7 അംഗങ്ങൾ പങ്കെടുത്തു.

## വൈത്തിരി

2023 ജൂലൈ 14 ന് വൈത്തിരി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് കുന്നത്ത്തോട്ടം അംഗൻവാടിയിൽ വെച്ച് നടന്നു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ സ്വാഗതം ആശംസിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ആദിവാസി ദിനാചരണത്തെക്കുറിച്ചും വിശദീകരിച്ചു. കോർ ടീം അംഗം ശ്രീമതി പ്രസീത ടീച്ചർ നന്ദി പറഞ്ഞു. 12 പേർ പങ്കെടുത്തു.



## മീനങ്ങാടി

2023 ജൂലൈ 29 ന് മീനങ്ങാടി പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ആദിവാസി ദിനാചരണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തി.



# വനിത സൗഹൃദ കൂട്ടായ്മ

## വെള്ളമുണ്ട

2023 ജൂൺ 8 ന് വെള്ളമുണ്ട ഏഴേനാല് വനിതാ സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. ശ്രീമതി വിജയ സ്വാഗതം ആശംസിച്ചു. ശ്രീമതി ഹസീന അദ്ധ്യക്ഷത വഹിച്ചു. യുവജനങ്ങളിലും കുട്ടികളിലും വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ ഉപയോഗത്തിൽ വീടുകളിൽ അമ്മമാർ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും മക്കളോടൊപ്പം കൂടുതൽ സമയം ചിലവഴിക്കണമെന്നും ശ്രീമതി ഇന്ദുലേഖ പറഞ്ഞു. ശ്രീമതി സുമ നന്ദി പറഞ്ഞു.



## മുട്ടിൽ



2023 ജൂൺ 8 ന് മുട്ടിൽ പരിയാരം വനിതാ സൗഹൃദ കൂട്ടായ്മയുടെ യോഗം ചേർന്നു. സെക്രട്ടറി ശ്രീമതി ഖദീജ സ്വാഗതം ആശംസിച്ചു. അംഗങ്ങൾ ഓരോരുത്തരുടെയും പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പങ്കുവെച്ചു. ശ്രീമതി ആയിഷാബി നന്ദി പറഞ്ഞു. 20 പേർ പങ്കെടുത്തു.




## മീനങ്ങാടി

2023 ജൂൺ 12 ന് മീനങ്ങാടി താഴത്തുവയൽ വനിതാ സൗഹൃദക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി മേഴ്സി സ്വാഗതം പറഞ്ഞു. ശ്രീമതി ഉഷ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി സരള രുഗ്മിണി നന്ദി പറഞ്ഞു. ശ്രീമതി മിനി സാജു നേതൃത്വം നൽകി.

## കായലിങ്കൽ





2023 ജൂൺ 20 ന് വെള്ളമുണ്ട കായലിങ്കൽ പുലരി വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി ഇന്ദിര പ്രിയദർശിനി സ്വാഗതം ആശംസിച്ചു. വൈസ് പ്രസിഡന്റ് ശ്രീമതി ഓമന അദ്ധ്യക്ഷത വഹിച്ചു. ക്ലബ് അംഗങ്ങൾ ഇടക്ക് ഒത്തുചേരുകയും വിനോദപരിപാടികൾ നടത്താറുണ്ട് എന്നും അറിയിച്ചു. ഇതുവഴി മാന സിക പിരിമുറുക്കങ്ങൾ ഇല്ലാതാക്കാൻ സാധിക്കുന്നുണ്ട് എന്നും അംഗങ്ങൾ പറഞ്ഞു. കോളനിയിലേക്കുള്ള വഴിപ്രശ്നവും കുടിവെള്ള ടാങ്കിന്റെ പ്രശ്നവും ക്ലബ് അംഗങ്ങൾ നീതിവേദി സ്റ്റാഫിന്റെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീമതി ആശ നന്ദി പറഞ്ഞു. 11 പേര് പങ്കെടുത്തു.



2023 ജൂലൈ 10 ന് വെള്ളമുണ്ട കായലിങ്കൽ പുലരി വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി വിനീത സ്വാഗതം ആശംസിച്ചു. ശ്രീമതി ആലീസ് ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. മഴക്കാല രോഗങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ ആർക്കെങ്കിലും അസുഖങ്ങൾ വന്നാൽ വീട്ടിൽ നിന്നും സ്വയം ചികിത്സ നടത്താതെ എത്രയും വേഗം ഡോക്ടറെ കാണിച്ച് മരുന്ന് വാങ്ങണമെന്ന് അദ്ധ്യക്ഷ ഓർമ്മപ്പെടുത്തി. ആദിവാസി ദിനാചരണത്തെ സംബന്ധിച്ച് ശ്രീമതി ഇന്ദുലേഖ വിശദീകരിച്ചു. അടുത്ത മാസം ഓണാഘോഷ പരിപാടികൾ നടത്തണമെന്ന് യോഗത്തിൽ തീരുമാനിച്ചു. ശ്രീമതി ആശയും ശ്രീമതി വിനീതയും ചേർന്ന് നാടൻപാട്ട് പാടി. ശ്രീമതി യശോദ നന്ദി പറഞ്ഞു.

## മാറ്റൊലി



2023 ജൂൺ 24 ന് മീനങ്ങാടി മാറ്റൊലി വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി സുജാത സ്വാഗതം ആശംസിച്ചു. ശ്രീമതി രജിത അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി പുഷ്പ നന്ദി പറഞ്ഞു. 12 പേര് പങ്കെടുത്തു.



2023 ജൂലൈ 25 ന് മീനങ്ങാടി മാറ്റൊലി വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി സുജാത സ്വാഗതം പറഞ്ഞു. ശ്രീമതി ശാന്ത പി കെ അദ്ധ്യക്ഷത വഹിച്ചു. അന്തർദേശീയ ആദിവാസി ദിനാചരണം, സ്വാതന്ത്ര്യദിനാഘോഷം, ഓണാഘോഷം എന്നിവ സംബന്ധിച്ച ചർച്ച നടത്തി. ശ്രീമതി വിമല നന്ദി പറഞ്ഞു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി. 9 പേര് പങ്കെടുത്തു.

## അടിച്ചിലാടി

2023 ജൂൺ 26 ന് മീനങ്ങാടി അടിച്ചിലാടി സ്വപ്നക്കൂട് വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി വസന്ത സ്വാഗതം ആശംസിച്ചു. ശ്രീമതി ലിമ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി ഏലിയാമ്മ നന്ദി പറഞ്ഞു. 13 പേര് പങ്കെടുത്തു.



## ആവയൽ



2023 ജൂൺ 28 ന് മീനങ്ങാടി ആവയൽ മിത്രം വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി സുമി ഷാജി സ്വാഗതം ആശംസിച്ചു. ശ്രീമതി സാജിത അദ്ധ്യക്ഷത വഹിച്ചു. തൊഴിലുറപ്പ് ഇല്ലാത്ത ദിവസം വൈകുന്നേരം നാല് മണിയ്ക്ക് അടുത്ത മീറ്റിംഗ് കൂടാൻ തീരുമാനിച്ചു. ശ്രീമതി മിനി സാജു നേതൃത്വം നൽകി. ശ്രീമതി ശുഭ നന്ദി പറഞ്ഞു.

2023 ജൂലൈ 28 ന് മീനങ്ങാടി ആവയൽ മിത്രം വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി നാഗമ്മ സ്വാഗതം പറഞ്ഞു. ശ്രീമതി സാജിത അദ്ധ്യക്ഷത വഹിച്ചു. ജൂലൈ 29 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മീനങ്ങാടി പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ്, അന്തർദേശീയ ആദിവാസി ദിനാചരണം ആഗസ്റ്റ് 9 ന് മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടക്കുന്ന കാര്യവും ചർച്ച നടത്തി. ശ്രീമതി റീന നന്ദി പറഞ്ഞു. 7 പേര് പങ്കെടുത്തു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.



## അരീക്കര

2023 ജൂലൈ 25 ന് വെള്ളമുണ്ട അരീക്കര വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. സെക്രട്ടറി ശ്രീമതി പാറു സ്വാഗതം പറഞ്ഞു. ശ്രീമതി ആതിര അദ്ധ്യക്ഷത വഹിച്ചു. അന്തർദേശീയ ആദിവാസി ദിനാചരണത്തെക്കുറിച്ചും അതിൽ പങ്കെടുക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി. ശ്രീമതി ശരണ്യ നന്ദി പറഞ്ഞു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ നേതൃത്വം നൽകി. 11 പേര് പങ്കെടുത്തു.



## താഴത്തുവയൽ





2023 ജൂലൈ 28 ന് മീനങ്ങാടി താഴത്തുവയൽ വനിതാ സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശ്രീമതി സ്റ്റെല്ല സജി സ്വാഗതം പറഞ്ഞു. ശ്രീമതി ഉഷ രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. നീതിവേദിയുടെ പ്രവർത്തനങ്ങൾ മാതൃകാപരവും സമാധാനം ഉണ്ടാക്കുന്ന തരത്തിലുള്ളതുമായതുകൊണ്ട് സമൂഹത്തിന് ആവശ്യമാണെന്നും യോഗം വിലയിരുത്തി. ജൂലൈ 29 ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് മീനങ്ങാടി പഞ്ചായത്ത് ഹാളിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ്, അന്തർദേശീയ ആദിവാസി ദിനാചരണം ആഗസ്റ്റ് 9 ന് മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടക്കുന്ന കാര്യവും ചർച്ച നടത്തി. ശ്രീമതി രുഗ്മിണി നന്ദി പറഞ്ഞു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി. 11 പേര് പങ്കെടുത്തു.

## യുവജന സൗഹൃദ കൂട്ടായ്മ

2023 ജൂൺ 17 ന് ബത്തേരി പൊൻകുഴി യുവജന സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. സെക്രട്ടറി വിബിൻ സ്വാഗതം പറഞ്ഞു. ജൂൺ 27 ന് നടക്കുന്ന യുവജന മീറ്റിംഗിന്റെ കാര്യം ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ ഓർമ്മപ്പെടുത്തി. 10 പേർ ക്ലബിൽ നിന്ന് പങ്കെടുക്കാൻ ധാരണയായി. ക്ലബ് അംഗങ്ങൾക്ക് ഫുട്ബോൾ നൽകി. വിനു നന്ദി പറഞ്ഞു. 13 പേർ പങ്കെടുത്തു.



## പൊൻകുഴി



2023 ജൂലൈ 15 ന് ബത്തേരി പൊൻകുഴി യൂത്ത് ക്ലബ് മീറ്റിംഗ് നടന്നു. സെക്രട്ടറി ശ്രീ വിബിൻ സ്വാഗതം ആശംസിച്ചു. അന്തർദേശീയ ആദിവാസി ദിനാചരണത്തെക്കുറിച്ച് ചർച്ച നടത്തി. ശ്രീ അഭിശാന്ത് നന്ദി പറഞ്ഞു. നീതി വേദി ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. 26 പേര് പങ്കെടുത്തു.

## കരിമം

2023 ജൂൺ 17 ന് പുൽപ്പള്ളി കരിമം യുവജന സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. സെക്രട്ടറി ബാലാമണി സ്വാഗതം ആശംസിച്ചു. ജൂൺ 27 ന് നടക്കുന്ന യുവജന മീറ്റിംഗിന്റെ കാര്യം ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ ഓർമ്മപ്പെടുത്തി. 10 പേർ ക്ലബിൽ നിന്ന് പങ്കെടുക്കാൻ തീരുമാനിച്ചു. അജിത നന്ദി പറഞ്ഞു. 19 പേർ പങ്കെടുത്തു.





2023 ജൂലൈ 21 ന് പുൽപ്പള്ളി കരിമം യൂത്ത് ക്ലബ് മീറ്റിംഗ് നടന്നു. ക്ലബ് പ്രസിഡന്റ് ശ്രീ ശ്യാം ജി കെ സ്വാഗതം ആശംസിച്ചു. ആദിവാസി ദിനാചരണത്തിന്റെ കാര്യങ്ങൾ കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ അറിയിച്ചു. ക്ലബ് സെക്രട്ടറി ശ്രീമതി ബാലാമണി നന്ദി പറഞ്ഞു. 19 പേർ പങ്കെടുത്തു.

## ചെതലയം

2023 ജൂലൈ 4 ന് ബത്തേരി ചെതലയം യൂത്ത് ക്ലബ് മീറ്റിംഗ് നടന്നു. ക്ലബ് വൈസ് പ്രസിഡന്റ് ശ്രീമതി ശ്രീതു സ്വാഗതം ആശംസിച്ചു. ആദിവാസി ദിനാചരണത്തിന്റെ കാര്യങ്ങൾ കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ അറിയിച്ചു. ക്ലബ് സെക്രട്ടറി ശ്രീ അണ്ണൻ നന്ദി പറഞ്ഞു. 16 പേർ പങ്കെടുത്തു.



## ഏകദിന യുവജന പരിശീലന പരിപാടി



2023 ജൂൺ 27 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് ഏകദിന യുവജന പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ ഫാ സ്റ്റീഫൻ മാത്യു ഉത്ഘാടനം ചെയ്തു. പരിശീലനത്തിന് ശ്രീ മാത്യൂസ് വയനാട് നേതൃത്വം നൽകി. 55 പേർ പങ്കെടുത്തു.

# വിദ്യാർത്ഥി സൗഹൃദ കൂട്ടായ്മ



## മുണ്ടേരി

2023 ജൂൺ 6 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ മുണ്ടേരി കോളിമൂലയിൽ വിദ്യാർത്ഥി സൗഹൃദ ക്ലബ് രൂപീകരിച്ചു. വാർഡ് കൗൺസിലർ ശ്രീ ഷിബു എല്ലാവരെയും സ്വാഗതം ചെയ്തു. ക്ലബ് പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീമതി വൽസ ദേവസ്യ വിശദീകരിച്ചു. ക്ലബ് പ്രസിഡന്റായി വിസ്മയയെയും സെക്രട്ടറിയായി ഗോപികയെയും തിരഞ്ഞെടുത്തു. ഗോപിക നന്ദി പറഞ്ഞു. 16 കുട്ടികൾ പങ്കെടുത്തു.

## കുന്നമംഗലം

2023 ജൂൺ 9 ന് കുന്നമംഗലം വിദ്യാർത്ഥി സൗഹൃദ ക്ലബ് രൂപീകരിച്ചു. ഫസിലിറ്റേറ്റർ ശ്രീമതി ചന്ദ്രിക എല്ലാവരേയും സ്വാഗതം ചെയ്തു. ക്ലബ് പ്രസിഡന്റ് ആയി ഭാവനയെയും സെക്രട്ടറിയായി സിന്ധുവിനെയും തിരഞ്ഞെടുത്തു.






## പന്തളം

2023 ജൂൺ 14 ന് മീനങ്ങാടി പന്തളം വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. സഞ്ജന സ്വാഗതം ആശംസിച്ചു. രേഷ്മ അദ്ധ്യക്ഷത വഹിച്ചു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. അഭിജിത്ത് നന്ദി പറഞ്ഞു. 15 പേർ പങ്കെടുത്തു.

## കോളിമൂല

2023 ജൂൺ 15 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ കോളിമൂല വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.



## വേങ്ങൂർ

2023 ജൂൺ 16 ന് മീനങ്ങാടി വേങ്ങൂർ വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. സെക്രട്ടറി ആവണി സ്വാഗതം ആശംസിച്ചു. ആരതി അദ്ധ്യക്ഷത വഹിച്ചു. സ്ക്കൂളിലെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. എല്ലാ ദിവസവും മുടങ്ങാതെ സ്ക്കൂളിൽ പോകണമെന്നും ആഴ്ചയിൽ ഒരിക്കൽ ഫസിലിറ്റേറ്ററുടെ നേതൃത്വത്തിൽ ക്ലബ്തല മീറ്റിംഗ് കൂടണമെന്നും ശ്രീമതി മിനി സാജു ഓർമ്മപ്പെടുത്തി. വിദ്യാർത്ഥി കൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. ഫസിലിറ്റേറ്റർ ശ്രീമതി ശ്രീജ നന്ദി പറഞ്ഞു. 16 പേർ പങ്കെടുത്തു.







## കരിങ്ങാരി

2023 ജൂൺ 17 ന് വെള്ളമുണ്ട കരിങ്ങാരി വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ഫസിലിറ്റേറ്റർ ശ്രീമതി അഖില എല്ലാവരെയും സ്വാഗതം ചെയ്തു. മഴക്കാല രോഗങ്ങളെക്കുറിച്ചും ശ്രദ്ധിക്കേ കാര്യങ്ങളെ സംബന്ധിച്ചും നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ ക്ലാസ്സ് നൽകി. എല്ലാ ദിവസവും മുടങ്ങാതെ സ്ക്കൂളിൽ പോകണമെന്നും ആഴ്ചയിൽ ഒരിക്കൽ ഫസിലിറ്റേറ്ററുടെ നേതൃത്വത്തിൽ ക്ലബ്തല മീറ്റിംഗ് കൂടണമെന്നും ഇന്ദുലേഖ ഓർമ്മപ്പെടുത്തി. കുട്ടികൾ വിവിധ കലാ പരിപാടികൾ അവതരിപ്പിച്ചു. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. അർജുൻ നന്ദി പറഞ്ഞു. 20 പേർ പങ്കെടുത്തു.

## രാരോത്ത്

2023 ജൂൺ 23 ന് മീനങ്ങാടി രാരോത്ത് വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. സവിത സ്വാഗതം ആശംസിച്ചു. അംബിക അദ്ധ്യക്ഷത വഹിച്ചു. സ്ക്കൂളിലെയും കോളനിയിലെയും വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. എല്ലാ ദിവസവും മുടങ്ങാതെ സ്ക്കൂളിൽ പോകണമെന്നും ആഴ്ചയിൽ ഒരിക്കൽ ഫസിലിറ്റേറ്ററുടെ നേതൃത്വത്തിൽ ക്ലബ്തല മീറ്റിംഗ് കൂടണമെന്നും ശ്രീമതി മിനി സാജു ഓർമ്മപ്പെടുത്തി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. അബി നന്ദി പറഞ്ഞു.



rawpixel

## അടിച്ചിലാടി



2023 ജൂൺ 25 ന് മീനങ്ങാടി അടിച്ചിലാടി മഴത്തുള്ളി വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ആര്യനന്ദ സ്വാഗതം ആശംസിച്ചു. ക്ലബ് ഫസിലിറ്റേറ്റർ ലാവണ്യ അദ്ധ്യക്ഷത വഹിച്ചു. ആഴ്ച യിൽ ഒരിക്കലെങ്കിലും മീറ്റിംഗ് കൂടണമെന്ന് നീതി വേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു ഓർമ്മപ്പെടുത്തു. രേണുക നന്ദി പറഞ്ഞു. 10 പേര് പങ്കെടുത്തു.

## അടുവാടിവയൽ



2023 ജൂലൈ 15 ന് മുട്ടിൽ പഞ്ചായത്തിലെ അടുവാടിവയൽ വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. അന്തർദേശീയ ആദിവാസി ദിനാചരണത്തെക്കുറിച്ചും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി. ശ്രീക്കുട്ടി നന്ദി പറഞ്ഞു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി. 13 പേര് പങ്കെടുത്തു.

## കോളിമൂല



2023 ജൂലൈ 15 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ കോളിമൂല വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. അന്തർദേശീയ ആദി വാസി ദിനാചരണത്തെക്കുറിച്ചും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി. വിസ്മയ നന്ദി പറഞ്ഞു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി. 16 പേര് പങ്കെടുത്തു.

## കടച്ചിക്കുന്ന്

2023 ജൂലൈ 22 ന് മൂപ്പൈനാട് പഞ്ചായത്തിലെ കടച്ചിക്കുന്ന് വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ക്ലബ് പ്രസിഡന്റ് പ്രവീണ സ്വാഗതം ആശംസിച്ചു. ഊരുമൂപ്പൻ ശ്രീ കുട്ടിരാമൻ അദ്ധ്യക്ഷത വഹിച്ചു. അന്തർദേശീയ ആദിവാസി ദിനാചരണത്തെക്കുറിച്ചും കലാപരിപാടികൾ അവതരിപ്പിക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി. അനൂപ് നന്ദി പറഞ്ഞു. നീതിവേദി ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. 21 പേര് പങ്കെടുത്തു.





## കുന്നമംഗലം

2023 ജൂലൈ 24 ന് എടവക കുന്നമംഗലം വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. അന്തർദേശീയ ആദിവാസി ദിനാചരണത്തെക്കുറിച്ചും അതിൽ പങ്കെടുക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ നേതൃത്വം നൽകി. 10 പേര് പങ്കെടുത്തു.

## അരീക്കര

2023 ജൂലൈ 25 ന് വെള്ളമുണ്ട അരീക്കര വിദ്യാർത്ഥി സൗഹൃദ ക്ലബ് മീറ്റിംഗ് നടന്നു. ശിവാനി സ്വാഗതം പറഞ്ഞു. ശ്രീജിത്ത് അദ്ധ്യക്ഷത വഹിച്ചു. അന്തർദേശീയ ആദിവാസി ദിനാചരണത്തെക്കുറിച്ചും അതിൽ പങ്കെടുക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ നേതൃത്വം നൽകി. 13 പേര് പങ്കെടുത്തു.



# സ്വാതന്ത്ര്യദിനാഘോഷം





2023 ആഗസ്റ്റ് 15 ന് മീനങ്ങാടി വെച്ച് സ്വാതന്ത്ര്യദിനാഘോഷവും സ്ത്രീകൾക്ക് ബോധവത്ക്കരണ ക്ലാസ്സും നടത്തി. ശ്രീമതി മിനി സാജു ക്ലാസ്സിന് നേതൃത്വം നൽകി. 12 പേർ പങ്കെടുത്തു.

# കനൽ ക്യാമ്പ്

2023 ജൂൺ 10,11 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് കുട്ടികൾക്കായി കനൽ ക്യാമ്പ് നടത്തി. ആദ്യ ദിവസം ശ്രീ മാത്യൂസ് വയനാട് വിവിധ ഗെയിമുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും കുട്ടികൾക്ക് നേതൃത്വ പരിശീലനം നൽകി. വൈകുന്നേരം കുട്ടികളുടെ കലാസന്ധ്യ നടത്തി. രണ്ടാം ദിവസം ശ്രീമതി മിനി സാജു, ശ്രീമതി സൂര്യ എസ് ബിനു എന്നിവർ പോക്സോ നിയമത്തെ സംബന്ധിച്ചും കൗമാര കാലഘട്ടത്തെ മാറ്റങ്ങൾ സംബന്ധിച്ചും ക്ലാസ്സുകൾ നൽകി. തുടർന്ന് ക്യാമ്പ് വിലയിരുത്തലും നടത്തി. 50 പേർ പങ്കെടുത്തു.











2023 ആഗസ്റ്റ് 26,27 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് ആദിവാസി വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങളുടെ കനൽ ക്യാമ്പ് സംഘടിപ്പിച്ചു. ആഗസ്റ്റ് 26 ന് രാവിലെ 11 മണിയ്ക്ക് തലപ്പുഴ മക്കിമല ജീപ്പ് അപകടത്തിൽ മരിച്ച അമ്മമാർക്ക് നിത്യശാന്തി നേർന്ന് പ്രാർത്ഥിച്ചു. "കുട്ടികൾ ചൂഷണങ്ങളിൽപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ" എന്ന വിഷയത്തെ സംബന്ധിച്ച് നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു ക്ലാസ്സ് നയിച്ചു. ഉച്ചക്ക്ശേഷം ചു സ്ക്കൂളിലെ അദ്ധ്യാപകനായ ശ്രീ റോയിസൺസർ മോട്ടിവേഷൻ ക്ലാസ്സ് നൽകി. തുടർന്ന് ഗ്രൂപ്പ് തിരിച്ച് കലാസന്ധ്യ നടത്തി. ഗ്രൂപ്പ് ഡാൻസ്, ഓണപ്പാട്ട്, തിരുവാതിര എന്നിവ നടത്തി. ആഗസ്റ്റ് 27 ന് രാവിലെ സൂര്യ യുടെ നേതൃത്വത്തിൽ യോഗ നടത്തി. തുടർന്ന് ശ്രീ പ്രവീൺ കുമാർ ലീഡർഷിപ്പ് ക്ലാസ്സ് നൽകി. അതിനുശേഷം ഓണപ്പരിപാടികൾ നടത്തി. 40 പേർ പങ്കെടുത്തു.

## ബോധവൽക്കരണ ക്ലാസ്സുകൾ

### കുളിപ്പുര, ചുള്ളിയോട്

2023 ജൂൺ 1 ന് നെൻമേനി പഞ്ചായത്തിലെ കുളിപ്പുര, ചുള്ളിയോട് എന്നിവിടങ്ങളിൽ വെച്ച് നിയമബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.



### എടപ്പെട്ടി



2023 ജൂൺ 16 ന് എടപ്പെട്ടിയിൽ വെച്ച് തൊഴിലിടങ്ങളിലെ പീഡനം എന്ന വിഷയത്തെ സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സ് നൽകി. എ ഡി എസ് ശ്രീമതി കുട്ടിയമ്മ സ്വാഗതം പറഞ്ഞു. സി ഡി എസ് അംഗം ശ്രീമതി വനജ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ ക്ലാസ്സിന് നേതൃത്വം നൽകി. ശ്രീമതി ഫിലോമിന നന്ദി പറഞ്ഞു.

rawpixel

## ചിറമൂല

2023 ജൂൺ 19 ന് തൊണ്ടർനാട് പഞ്ചായത്തിലെ കോറോത്ത് ചിറമൂല വെച്ച് സ്ത്രീകൾക്ക് നിയമ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ നേതൃത്വം നൽകി.





## താഴെമുട്ടിൽ

2023 ജൂൺ 20 ന് താഴെമുട്ടിൽ വെച്ച് ഗാർഹിക പീഡന നിരോധന നിയമം, സർക്കാർ സേവനങ്ങൾ എന്നിവ സംബന്ധിച്ച് സ്ത്രീകൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു, ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ ദേവസ്യ എന്നിവർ നേതൃത്വം നൽകി. ശ്രീമതി മൈമൂന നന്ദി പറഞ്ഞു.

## വലിയകുന്ന്

2023 ജൂൺ 23 ന് എടവക പഞ്ചായത്തിലെ വലിയകുന്ന് കോളനിയിൽ വെച്ച് ഗാർഹിക പീഡന നിരോധന നിയമം സംബന്ധിച്ച് ബോധവത്ക്കരണ ക്ലാസ്സ് നൽകി. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ നേതൃത്വം നൽകി.





## പരിയാരമ്മൽ

2023 ജൂലൈ 13 ന് വെള്ളമുണ്ട പഞ്ചായത്തിലെ പരിയാരമ്മൽ വെച്ച് ബോധവത്ക്കരണ ക്ലാസ്സ് നൽകി. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി ഇന്ദുലേഖ നേതൃത്വം നൽകി.

## വാര്യാട്

2023 ജൂലൈ 13 ന് മുട്ടിൽ പഞ്ചായത്തിലെ വാര്യാട് വെച്ച് ഗാർഹിക പീഡന നിരോധന നിയമം സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സ് നൽകി. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി വൽസ, കൗൺസിലർ ശ്രീമതി സൂര്യ എന്നിവർ നേതൃത്വം നൽകി.





## നാടുകാണിക്കുന്ന്

2023 ജൂലൈ 14 ന് മീനങ്ങാടി പഞ്ചായത്തിലെ നാടുകാണിക്കുന്ന് വെച്ച് ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ് ശ്രീമതി മിനി സാജു നേതൃത്വം നൽകി.

## അരിഞ്ചേർമല

2023 ജൂലൈ 20 ന് അരിഞ്ചേർമല സെന്റ് തോമസ് എൽ പി സ്ക്കൂളിൽ വെച്ച് വിദ്യാർത്ഥികൾക്ക് "കുട്ടികൾ ചൂഷണങ്ങളിൽപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ" എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്ക്കരണ ക്ലാസ്സ് നടത്തി. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു ക്ലാസ്സിന് നേതൃത്വം നൽകി.





## ഗൂഡലായിക്കുന്ന്

2023 ആഗസ്റ്റ് 15 ന് ഗൂഡലായിക്കുന്ന് അംഗൻവാടിയിൽ വെച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ബോധവത്ക്കരണ ക്ലാസ്സ് നൽകി. ശ്രീമതി വൽസ ദേവസ്യ, ശ്രീമതി സൂര്യ എസ് ബിനു എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി.

## തോട്ടാമൂല

2023 ആഗസ്റ്റ് 17 ന് തോട്ടാമൂല അംഗൻവാടിയിൽ വെച്ച് സ്ത്രീകൾക്ക് ബോധവത്ക്കരണ ക്ലാസ്സ് നൽകി. ശ്രീമതി വൽസ ദേവസ്യ ക്ലാസ്സിന് നേതൃത്വം നൽകി.





## കരിങ്കണ്ണിക്കുന്ന്

2023 ആഗസ്റ്റ് 22 ന് കരിങ്കണ്ണിക്കുന്ന് വെച്ച് സ്ത്രീകൾക്ക് ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംബന്ധിച്ച ബോധവത്ക്കരണ ക്ലാസ്സ് നൽകി. ശ്രീമതി വൽസ ദേവസ്യ, ശ്രീമതി സൂര്യ എസ് ബിനു എന്നിവർ ക്ലാസ്സിന് നേതൃത്വം നൽകി.

## ബേബി പോൾ അനുസ്മരണയോഗം

2023 ജൂൺ 14 ന് കൽപ്പറ്റ എം ജി റ്റി ഹാളിൽ വെച്ച് ജ്വാലയുടെ 25-ാം വാർഷികത്തിലും ബേബി പോൾ അനുസ്മരണയോഗത്തിലും നീതിവേദിയിൽ നിന്നും അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, ഫ്ളയ്സി ജോസ് എന്നിവർ പങ്കെടുത്തു. സന്നദ്ധ സംഘടനകൾ നേരിടുന്ന പ്രധാന വെല്ലുവിളികളും സാദ്ധ്യതകളും സംബന്ധിച്ച സെമിനാറിലും പങ്കെടുത്തു.

# ഗവേർണിംഗ് ബോഡി യോഗം





2023 ജൂലൈ 19 ന് നീതിവേദി ഓഫീസിൽ വെച്ച് ഗവേർണിംഗ് ബോഡി യോഗം ചേർന്നു. പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. അന്തർദേശീയ ആദിവാസി ദിനാചരണവും നീതിവേദിയുടെ 20-ാം വാർഷികാഘോഷവും ആഗസ്റ്റ് 9 ന് നടത്താൻ തീരുമാനിച്ചു. ചെയർമാനായി ശ്രീ വി ടി കുമാറിനെയും കൺവീനറായി ശ്രീമതി ശാന്തിയെയും തിരഞ്ഞെടുത്തു. നീതിവേദി പ്രവർത്തനങ്ങൾ വിലയിരുത്തി.

# സഹായം

2023 ജൂലൈ 25 ന് മുട്ടിൽ പഞ്ചായത്തിലെ മലങ്കര കോളനിയിൽ ചോർന്നൊലിക്കുന്ന 5 വീട്ടുകാർക്ക് ഷീറ്റ് നൽകി. ശ്രീമതി വൽസ ദേവസ്യ നേതൃത്വം നൽകി.

2023 ജൂലൈ 25 മൂപ്പൈനാട്, മേപ്പാടി, പൊഴുതന പഞ്ചായത്തുകളിലെ ചോർന്നൊലിക്കുന്ന 7 വീട്ടുകാർക്ക് ഷീറ്റ് നൽകി. ശ്രീ ജ്യോതിഷ് കുമാർ, കോർ ടീം വോളണ്ടിയർ ശ്രീ ജോൺ കെ പി എന്നിവർ നേതൃത്വം നൽകി.

# ആദിവാസി ദിനാചരണം







2023 ആഗസ്റ്റ് 9 ന് നീതിവേദിയുടെ 20-ാം വാർഷികവും അന്തർദേശീയ ആദിവാസി ദിനാചരണവും മീനങ്ങാടി കമ്മ്യൂണിറ്റി ഹാളിൽ വെച്ച് സംഘടിപ്പിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു സ്വാഗതം ആശംസിച്ചു. അഡ്വ.ഫാ.തോമസ് ജോസഫ് തേരകം അദ്ധ്യക്ഷത വഹിച്ച യോഗം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ബിന്ദു ടീച്ചർ ഉദ്ഘാടനം ചെയ്തു. മുട്ടിൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ ഇ വിനയൻ മുഖ്യപ്രഭാഷണം നടത്തി. കണിയാമ്പറ്റ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രജിത, മീനങ്ങാടി പഞ്ചായത്ത് മെമ്പറും പ്രോഗ്രാം കൺവീനറുമായ ശ്രീമതി ശാന്തി എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. നീതിവേദി വൈസ് പ്രസിഡന്റ് ശ്രീമതി കെ മിനി നന്ദി പറഞ്ഞു.

ജില്ലാ,സംസ്ഥാന,ദേശീയ തലത്തിൽ ആദിവാസി മേഖലയിലെ പ്രതിസന്ധികൾ സംബന്ധിച്ച് ശ്രീ വി.ടി കുമാർ, ശ്രീമതി ചിത്ര നിലമ്പൂർ, ശ്രീ പി സി ജോസ് എന്നിവരുടെ പാനൽ ചർച്ച നടത്തി. പട്ടിക വർഗ്ഗ വകുപ്പ് റിട്ടയേർഡ് ജോ.ഡയറക്ടർ ശ്രീ ഇ ജി ജോസഫ് മോഡറേറ്ററായിരുന്നു.

ആദിവാസി മേഖലയിലും സാമൂഹ്യരംഗത്തും കഴിവുതെളിയിച്ച കുമാരി മിന്നുമണിക്കുവേി അമ്മ വസന്തയെയും, പിന്നണി ഗായിക കുമാരി രേണുക, ശ്രീമതി ചിത്ര നിലമ്പൂർ, ശ്രീ രാജ ഗോപാൽ, ശ്രീ വി ടി കുമാർ, ശ്രീമതി വെള്ളമ്മ, ശ്രീമതി മാക്കമ്മ, ശ്രീ അജി തോമസ്, ശ്രീമതി വിനയ, ശ്രീമതി മൈമൂന, ശ്രീമതി ശാന്തി സുനിൽ, എന്നിവരെ ആദരിച്ചു. തുടർന്ന് ഗോത്രകലാപരിപാടികൾ അവതരിപ്പിച്ചു. 320 പേർ പങ്കെടുത്തു.





# ഓണാഘോഷം

2023 ആഗസ്റ്റ് 24 ന് നീതിവേദി ഓഫീസിൽ വെച്ച് നീതിവേദി സ്റ്റാഫ് അംഗങ്ങളുടെ ഓണാഘോഷവും സ്റ്റാഫ് മീറ്റിംഗും നടന്നു. ഓണപ്പൂക്കളം ഒരുക്കുകയും ഓണപ്പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.














**NEETHI VEDHI**

സുധിക്കവെല, കാക്കവെയൽ പി.ഒ

കൽപ്പറ്റ നോർത്ത്, വയനാട്– 673122

ഫോൺ– 04936 246788, 9496197378

**neethivedhi@gmail.com**